കേരള സാഹിത്യ അക്കാദമി

പത്രക്കുറിപ്പ് (08.01.2012)

# വിസ്മയം സമ്മോഹനം ഈ കരവിരുത്

'പട്ടിണിയായി പട്ടിണിയായി കറുമുറെ പട്ടിണിയായി ബ്രിട്ടീഷുകാർ ഇന്ത്യവിടുക.' ഇതു വെറുമൊരു മുദ്രാവാക്യമല്ല. സ്വാതന്ത്ര്യസമരകാലത്ത് മഹാത്മജി വടകര സന്ദർശിച്ചപ്പോൾ ആണ്ടിപ്പണിക്കർ തെയ്യംകെട്ടി പാടിയാടിയതാണ്. അടിമത്തത്തിനെതിരെയുള്ള അതേ വീറും വാശിയുമാണ് കുരുത്തോല കാണുമ്പോൾ പണിക്കർക്കുള്ളത്. കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് നടന്ന കുരുത്തോലക്കളരിയിൽ കുരുത്തോലകൊണ്ടുള്ള കലാവിസ്മയങ്ങൾ പരിശീലിപ്പിക്കുകയായിരുന്നു അദ്ദേഹം. ഇത്തരം കലാരൂപങ്ങളുണ്ടാക്കുന്നതിൽ പണിക്കർ വിദഗ്ധനാണ്.

എൺപത്തിമൂന്നിലും തളരാത്ത ആണ്ടിപ്പണിക്കരുടെ കുരുത്തോലയിലെ കവനകൗതുകത്തിന് അംഗീകാരമായി ഫോക്‌ലോർ അക്കാദമി ഫെല്ലോഷിപ്പ് നൽകി ആദരിച്ചിട്ടുണ്ട്. കുരുത്തോലയിൽ കലാരൂപങ്ങളുണ്ടാക്കുമ്പോൾ അദ്ദേഹത്തിനിപ്പോഴും യൗവ്വനത്തിന്റെ പ്രസരിപ്പാണ്.

ഉത്തരകേരളത്തിലെ അനുഷ്ഠാനകലാരൂപമായ തെയ്യത്തിന്റെ ചമയങ്ങൾക്കാണ് കുരുത്തോല കൊണ്ടുള്ള ആടയാഭരണങ്ങൾ നിർമ്മിക്കുന്നത്. തീകൊണ്ട് കളിക്കുന്ന നാഗഭഗവതിത്തെയ്യം, തീച്ചാമുണ്ഡി, ഉച്ചിട്ടഭഗവതി, ഗുളികൻ, ഘണ്ടാകർണ്ണൻ തെയ്യങ്ങൾക്ക് പൊതുവേ കുരുത്തോല കൊണ്ടുള്ള ആഭരണങ്ങളാണ് അണിയിക്കുന്നത്. ഇത് തീയിൽനിന്ന് ഒരു പരിധിവരെ സംരക്ഷണമേകാൻ സഹായിക്കും.

തെയ്യംകലാകാരനായ പണിക്കർ പ്രധാനമന്ത്രി മൻമോഹൻസിംഗിനുമുന്നിലും ഇ.എം.എസ്., കരുണാകരൻ തുടങ്ങി ഒട്ടുമിക്ക മുഖ്യമന്ത്രിമാർക്കുമുന്നിലും തെയ്യം കെട്ടിയാടിയിട്ടുണ്ട്. തെയ്യത്തിനുവേണ്ട കൈനാഗരം, മല്ലിക, പിണ്ടിയം, ഉടമറ, വഞ്ചി, തിരുമുടി തുടങ്ങിയ ആഭരണങ്ങൾ കുരുത്തോലയിലാണ് നിർമ്മിക്കുന്നത്. കൂടാതെ തെയ്യത്തറ അലങ്കരിക്കുന്നതും കുരുത്തോല കൊണ്ടുതന്നെ. നാം വേണ്ടാതെ വെറുതെകളയുന്ന തെങ്ങോലയാണ് ആമ്പൽപ്പൂവും തത്തയും തത്തക്കൂടും പക്ഷിമൃഗാദികളും തേളും ആമയും പാമ്പുമൊക്കെയായി വേഷപ്പകർച്ച നടത്തുന്നത് എന്നോർക്കണം! പേനാക്കത്തികൊണ്ട് വളരെ അനായാസമായാണ് പണിക്കർ ചുരുങ്ങിയ സമയംകൊണ്ട് രൂപങ്ങൾ കൊത്തിയുണ്ടാക്കുന്നത്.

പ്രകൃതിയേയും ഉർവ്വരതയേയും പ്രതിനിധാനം ചെയ്യുന്നു കുരുത്തോല. കേരളത്തിൽ മൂന്നുനാലുപേർക്കേ കുരുത്തോലകൊണ്ടുള്ള കരവിരുതിന്റെ സാധ്യതകളറിയൂ. അന്യംനിന്നുപോകുന്ന ഈ കരവിരുതുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. പ്രകൃതിയിലേക്ക് മടങ്ങുന്നതിന്റെ ഭാഗമായി നാം ഈ കലാരൂപങ്ങളേയും കലാകാരൻമാരേയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. പ്രായാധിക്യത്താൽ പണിക്കരുടെ തെയ്യംപാരമ്പര്യം ഇപ്പോൾ കൈയ്യാളുന്നത് മകൻ ശിവദാസാണ്.

കേരള ഫോക്‌ലോർ അക്കാദമി ചെയർമാൻ പ്രൊഫ.മുഹമ്മദ്അഹമ്മദ് കുരുത്തോലക്കളരി ഉദ്ഘാടനം ചെയ്തു. ഫോക്‌ലോർ അക്കാദമി സെക്രട്ടറി എം.പ്രദീപ്കുമാർ അധ്യക്ഷതവഹിച്ചു.

**ആർ.ഗോപാലകൃഷ്ണൻ**
സെക്രട്ടറി & ജനറൽ കൺവീനർ